Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

(സംഗ്രഹം)

**പൊതുവിദ്യാഭ്യാസം- പ്രീപ്രൈമറി പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ അംഗനവാടികൾക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നിബന്ധനകൾ - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

പൊതുവിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ(സാധാ)നം.2867/2014/പൊ.വി തീയതി , തിരുവനന്തപുരം, 19/07/2014

---

പരാമർശം:-
1. 10/08/2007 ലെ സ.ഉ (സാധാ) നം.3737/07/പൊ.വി
2. 30.12/07 ലെ സ.ഉ (സാധാ) നം.5924/07/പൊ.വി
3. 04/05/2009 ലെ സ.ഉ (എം.എസ്) നം.104/09/പൊ.വി
4. 20/09/2011 ലെ സ.ഉ (എം.എസ്) നം.193/11/പൊ.വി

**ഉത്തരവ്**

വാടകയ്ക്ക് പ്രവർത്തിക്കുന്ന അംഗനവാടികൾ സർക്കാർ സ്കൂളിന്റെ സാധാരണ പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിൽ, ആവശ്യമുള്ളയിടത്ത് സ്കൂളുകളിൽ അംഗനവാടികൾ മാറ്റി പ്രവർത്തിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകികൊണ്ട് പരാമർശം-1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇത്തരത്തിൽ മാറ്റി സ്ഥാപിച്ച അംഗനവാടികൾ സർക്കാർ സ്കൂളുകളിലെ പ്രീപ്രൈമറി സ്കൂളുകളിലെ പ്രീപ്രൈമറി ക്ലാസുകളെ ബാധിക്കുന്നുവെന്നതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സർക്കാർ/പി.ടി.എ നടത്തുന്ന പ്രീപ്രൈമറി ക്ലാസുകൾ പ്രവർത്തിക്കുന്ന സ്കൂളുകളിൽ അംഗനവാടികൾക്ക് അനുമതി നൽകേണ്ടതില്ലെന്ന് പരാമർശം-2 പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്

സ്ഥലസൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ അവയുടെ പ്രവർത്തനത്തെ ബാധിക്കാത്ത വിധം അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ സ്ഥലം അനുവദിക്കാൻ സ്കൂൾ "പി.ടി.എ യുടെ ശുപാർശയോടെ "ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി തേടണമെന്ന് പരാമർശം 3 ലെ ഉത്തരവ് "പി.ടി.എ യുടെ ശുപാർശയോടെ" എന്ന വ്യവസ്ഥ ഒഴിവാക്കി "പഞ്ചായത്ത്, സ്കൂൾ അധികൃതർ, പി.ടി.എ എന്നിവർ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് അംഗനവാടിക്ക് കെട്ടിടം നിർമ്മിക്കാൻ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തികൊണ്ട്", എന്ന് ഭേദഗതി വരുത്തി പരാമർശം 4 പ്രകാരവും ഉത്തരവായിരുന്നു.

എന്നാൽ 3,4 ഉത്തരവുകൾ നിലവിൽ പ്രീപ്രൈമറി പ്രവർത്തിക്കാത്ത, സ്കൂളുകൾക്ക് മാത്രമാണ് ബാധകമാവുക എന്ന് സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ് :-

പൊതുവിദ്യാഭ്യാസ ഡയറകടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറകടർമാർ
സാമൂഹ്യ ക്ഷേമ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശസ്വയം ഭരണ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ